"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് -പട്ടികജാതി വികസന വകുപ്പിനു കീഴിൽ കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി ബ്ലോക്കിൽ പ്രവർത്തിച്ചിരുന്ന കോരുത്തോട് പ്രീമെട്രിക് ഹോസ്റ്റൽ പ്രവർത്തനം നിർത്തലാക്കിയ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.414/2025/SCSTD തീയതി,തിരുവനന്തപുരം, 25-06-2025

---

പരാമർശം:-

1. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 09/9/2024 ലെ SCDD/2906/2024-C3 (EDN C) നമ്പർ കത്ത്.
2. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 27/12/2018 ലെ എഡ്യൂ.സി3-34478/16 നം നടപടി ഉത്തരവ്

**ഉത്തരവ്**

പട്ടികജാതി വികസന വകുപ്പിനു കീഴിൽ കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി ബ്ലോക്കിൽ പ്രവർത്തിച്ചിരുന്ന കോരുത്തോട് പ്രീമെട്രിക് ഹോസ്റ്റലിൽ ആവശ്യത്തിന് അന്തേവാസികളെ ലഭിക്കാത്തതിനാൽ ഹോസ്റ്റൽ പ്രവർത്തിക്കുന്നില്ലായെന്നും അതിനാൽ ഹോസ്റ്റലിന്റെ പ്രവർത്തനം നിർത്തലാക്കി ഉത്തരവാകണമെന്നും കോട്ടയം ജില്ലാ പട്ടികജാതി വികസന ഓഫീസർ ശുപാർശ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം(2)പ്രകാരം പ്രസ്തുത ഹോസ്റ്റൽ പ്രവർത്തനം നിർത്തലാക്കി നടപടി ഉത്തരവ് നൽകിയിരുന്നതായും പ്രസ്തുത നടപടി ഉത്തരവ് സാധൂകരിച്ച് ഉത്തരവാകണമെന്ന് പരാമർശം(1)പ്രകാരം പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിന്റെ പരിധിയിൽ വാടക കെട്ടിടത്തിൽ ആൺകുട്ടികൾക്കായി പ്രവർത്തിച്ചിരുന്ന കോരുത്തോട് പ്രീമെട്രിക് ഹോസ്റ്റൽ പ്രവർത്തനം നിർത്തലാക്കിയ പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ പരാമർശം (2)പ്രകാരമുള്ള നടപടി ഉത്തരവ് സാധൂകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
G S SAGINA
അണ്ടർ സെക്രട്ടറി

ഡയറക്ടർ,പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&,എസ്.എസ്.എ/എ&ഇ),കേരളം, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
H Suni
Date: 25-06-2025 16:48:45

സെക്ഷൻ ഓഫീസർ

പകർപ്പ് -

ബഹു. പട്ടികജാതി പട്ടികവർഗ്ഗ വികസന വകപ്പ് മന്ത്രിയുടെ പി.എസ് - ന്.